4/185/2018

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപറേഷൻ തലത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കുന്നതിന് തുക വകയിരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.387/2018/തസ്വഭവ — തിരുവനന്തപുരം, തീയതി 08.02.2018

പരാമർശം :- 1. 15.7.2017 ലെ സ.ഉ ( സാധാ ) നം 2420/2017/തസ്വഭവ നമ്പർ ഉത്തരവ്

2. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 13.11.2017 ലെ A2-1350/2017 നമ്പർ കത്ത്

3. 17.01.2018 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം. 3.12

## <u>ഉത്തരവ്</u>

തദ്ദേശഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മസേന വഴി സമാഹരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്) നിർമ്മിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എം.സി.എഫിൽ സമാഹരിക്കപ്പെടുന്നവ തരംതിരിച്ച് പുനഃചംക്രമണ സാദ്ധ്യതയുള്ള വസ്തുക്കൾ പൊടിച്ച് റോഡ് ടാറിംഗിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുമരാമത്ത് വകുപ്പിനും നൽകുന്നതിനുള്ള മുഖ്യ കേന്ദ്രമാണ് റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്). എം.സി.എഫ് - ആർ.ആർ.എഫുകൾ സ്ഥാപിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

2. ശുചിത്വ മാലിന്യ സംസ്കരണ പരിപാടിയിലെ മുഖ്യ ഘടകമാണ് അജൈവ മാലിന്യങ്ങളുടെ സമാഹരണവും സംസ്കരണത്തിനായി നൽകലും. ഇത് വിജയിക്കുന്നതിലൂടെ മാത്രമേ ശുചിത്വ - മാലിന്യ സംസ്കരണ പരിപാടി വിജയിക്കുകയുള്ളൂ. ഇതിന് ആവശ്യമായ സുസ്ഥിര സ്ഥാപന സംഘടനാ സംവിധാനം വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. കാലക്രമേണ ഈ സംവിധാനം പൂർണ്ണമായും ഒരു ബിസിനസ്സ് മോഡലായി മാറേണ്ടതുണ്ട്. വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കുന്ന വസ്തുക്കളിൽ വില കിട്ടാൻ സാദ്ധ്യതയുള്ളവ പൂർണ്ണമായും സമാഹരണ ശൃംഖലയിലൂടെ വരണമെന്നില്ല. അവ നിലവിലുള്ള അനൗപചാരിക

ശൃംഖലയിലേയ്ക്ക് പോകുവാനുള്ള സാദ്ധ്യത വളരെ കൂടുതലാണെന്നുള്ളത് ഒരു വലിയ വെല്ലുവിളിയാണ്. ഈ സാഹചര്യത്തിൽ തുടക്കത്തിലുണ്ടാകാവുന്ന നഷ്ടം പരിഗണിച്ച് ലാഭ-നഷ്ടമില്ലാതെ ആർ.ആർ.എഫുകൾ മുന്നോട്ട് പ്രവർത്തിപ്പിക്കാൻ ആവശ്യമായ വയബിലിറ്റിഗ്യാപ് ഫണ്ട് ലഭ്യമാക്കുക അനിവാര്യമാണ്. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ക്ലീൻ കേരള കമ്പനി മുഖേന സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ (ആർ.ആർ.എഫ്) പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട വരവ് ചെലവ് ചുവടെ ചേർക്കും പ്രകാരം കണക്കാക്കിയിട്ടുണ്ട്

| | |
|---|---|
| ക്ലീൻ കേരള കമ്പനിക്ക് ഒരു ആർ.ആർ.എഫ്. നടത്തുന്നതിന് പ്രതിമാസം പ്രതീക്ഷിക്കുന്ന ചെലവ് | 1,64,500/- |
| പ്രതിവർഷം ചെലവ് | 1,64,500 X12= 19,74,000/- |
| ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക്കും ഇതര സാധനങ്ങളും പ്രതിമാസം വിറ്റു കിട്ടുന്ന വരവ് | 1,56,000/- |
| പ്രതിവർഷം വരവ് | 18,72,000/- |
| അധിക ചെലവ് | 19,74,000 – 18,72,000 =1,02,000 |
| ലാഭകരമല്ലാത്ത സാധനങ്ങൾ കൈകാര്യം ചെയ്യുന്നതുമൂലം കമ്പനിക്കു വരുന്ന ചെലവ് (വർഷത്തിൽ 2 പ്രാവശ്യം 2X 52,000) | 1,04,000/- |
| ആകെ അധിക ചെലവ് | 2,06,000/- |

3. റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ (ആർ.ആർ.എഫ്) പ്രവർത്തന പരിപാലനത്തിന് ക്ലീൻ കേരള കമ്പനിക്ക് പ്രതിവർഷം ഉണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിന്റെ ഭാഗമായി ക്ലീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് തുക വകയിരുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിത കേരള മിഷൻ ആവശ്യപ്പെട്ടതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന ആർ.ആർ.എഫിൽ നിന്ന് അജൈവ മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ക്ലീൻ കേരള കമ്പനിക്ക് **ആദ്യത്തെ ഒരു വർഷം മാത്രം** 2,06,000/- രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി അനുവദിക്കുന്നതിനും പ്രസ്തുത തുക ഹരിത കേരള മിഷൻ പ്രോജക്ടുകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നീക്കി വയ്ക്കേണ്ട തുകയിൽ ഉൾപ്പെടുത്തുന്നതിനും പരാമർശം 3 ന്റെ

അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് ഈ ആവശ്യത്തിലേക്കായി വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും ( ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശസ്വയംഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ